(ഡി) സംസ്ഥാനത്തു മൊത്തം 4773 ബസ്സുകളും 4236 സർവ്വീസുകളും ഇപ്പോഴുണ്ട്. മലപ്പുറം ജില്ലയിൽ നിലവിൽ 114 ബസ്സുകളും 102 സർവ്വീസുകളും ഉണ്ട്.

(ഇ) സംസ്ഥാനത്തുള്ള ബസ്സുകളുടെ എണ്ണത്തിലെ 2.4 ശതമാനവും സർവ്വീസുകളിലെ 2.41 ശതമാനവുമാണ് മലപ്പുറം ജില്ലയിൽ ഉള്ളത്.

കെ. എസ്. ആർ. ടി. സി.യെ സേവനമേഖലയിൽ നിലനിർത്താൻ നടപടി

76 [3590] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ആകെയുള്ള ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളമിനത്തിൽ പ്രതിമാസം ചെലവാകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ കെ. എസ്. ആർ. ടി. സി. യിൽ എത്ര പേർക്ക് പെൻഷൻ നൽകുന്നു; ആയതിലേക്ക് ചെലവാകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) കെ. എസ്. ആർ. ടി. സി. യുടെ ഒരു മാസത്തെ ശരാശരി വരുമാനം എത്രയാണ്; പ്രസ്തുത വരുമാനംകൊണ്ട് ജീവനക്കാർക്കും, പെൻഷൻകാർക്കും ശമ്പളവും പെൻഷനും നൽകുവാൻ തികയുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ കെ. എസ്. ആർ. ടി. സി. യിലെ ഒഴിവുകളുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) കെ. എസ്. ആർ. ടി. സി. ഒരു സേവനമേഖലയായി നിലനിറുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രതിമാസം ശരാശരി 14.25 കോടി രൂപ.

(സി) ലഭ്യമായ കണക്കനുസരിച്ച് പെൻഷൻകാരുടെ എണ്ണം 23468 ആണ്. ചെലവാകുന്ന തുക പ്രതിമാസം ശരാശരി 9.25 കോടി രൂപയാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ. എസ്. ആർ. ടി. സി. യുടെ ശരാശരി ഒരു മാസത്തെ ശരാശരി വരുമാനം 63.90 കോടി രൂപയാണ്. കെ. എസ്. ആർ. ടി. സി. യുടെ ഒരു മാസത്തെ വരുമാനംകൊണ്ട് പ്രവർത്തനച്ചെലവ് മുഴുവൻ നിർവ്വഹിക്കുവാൻ കഴിയുകയില്ല.

(ഇ) നിലവിൽ കെ. എസ്. ആർ. ടി. സി. യിൽ 5455 ഒഴിവുകളുണ്ട്.

കണ്ടക്ടർ	..	1599
ഡ്രൈവർ	..	2618
ക്ലാർക്ക്	..	244
ടൈപ്പിസ്റ്റ്	..	27
ഗാർഡ്	..	26
സ്റ്റെനോ	..	4
അസിസ്റ്റന്റ് സ്റ്റോർ കീപ്പർ	..	15
പ്യൂൺ	..	30
സ്വീപ്പർ	..	25
സ്കാവഞ്ചർ	..	13
മെക്കാനിക്കൽ	..	854

(എഫ്) ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

തലശ്ശേരി കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റേഷൻ

77 [3591] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കെ. എസ്. ആർ. ടി. സി. ബസ് സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെയടിസ്ഥാനത്തിൽ എന്നത്തേക്ക് സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly